**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5632** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമ പഞ്ചായത്തുകളിലെ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥൻ ജീവനക്കാരുടെ പേരിൽ കഠിന നടപടികൾ സ്വീകരിക്കുന്നുവെന്നയാക്ഷേപം പരിശോധിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പഞ്ചായത്തുകളിൽ ഏതെങ്കിലും കാര്യം നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം നൽകാതെ ജീവനക്കാരെ സമ്മർദ്ദത്തിലാക്കുന്നത് തടയുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പഞ്ചായത്ത് ജീവനക്കാർ ഫോൺ മൂന്ന് റിങ്ങിനുള്ളിൽ എടുക്കണമെന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഫോൺ വിളിച്ചാൽ ഈ ഉദ്യോഗസ്ഥൻ ഫോൺ എടുക്കാറില്ലെന്ന ആക്ഷേപം അന്വേഷിക്കുമോ; ഈ വിഷയത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ; | (ഡി) | പഞ്ചായത്ത് വകുപ്പിലെ ഓഫീസുകളുടെ സുഗമമായ പ്രവർത്തനം, കാര്യക്ഷമത,സേവനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 15/07/2021 -ലെ PAN/2444/2020-D3(DP) നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ ഫോൺ വിളിച്ചാൽ ഈ ഉദ്യോഗസ്ഥൻ ഫോൺ എടുക്കാറില്ലന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ ഉദ്യോഗസ്ഥൻ ഫയലുകൾ വച്ച് താമസിപ്പിക്കുന്നതും തുടർച്ചയായി ഓഫീസ് വിട്ട് നിൽക്കുന്നതുമായ ആരോപണം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ